"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — തൃശ്ശൂർ ജില്ല — കാറളം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് - ശ്രീ. ലെനിൻ വി കെ — യുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1353/2025/LSGD തീയതി, തിരുവനന്തപുരം, 01-06-2025

---

പരാമർശം:-

1. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24/06/2016 തീയതിയിലെ E2-7646/2014 നമ്പർ നടപടിക്രമം
2. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12/11/2016 തീയതിയിലെ E2-40/2005 നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24.08.2024ലെ LSGD/JD/998/2024-A7 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.03.2025ലെ LSGD/PD/4911/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ലെനിൻ വി. കെ — യുടെ പ്രൊബേഷൻ കാലയളവ് 03.07.2019 മുതൽ 24.11.2022-വരെ ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. പരാമർശം (1) ഉത്തരവ് പ്രകാരം, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. ലെനിൻ വി.കെ 02/07/2016 പൂർവാഹ്നം സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും നിലവിൽ കാറളം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും, പരാമർശം (2) പ്രകാരം 02/07/2016 പൂർവാഹ്നം തീയതി പ്രാബല്യത്തിൽ ടിയാന്റെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും, ശ്രീ. ലെനിൻ വി കെ -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ്തല അച്ചടക്ക നടപടികളോ ഇല്ലായെന്നും, ടിയാളുടെ സേവനം തൃപ്തികരമാണെന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ നിരീക്ഷണ കാലയളവ് പരാമർശം (3) പ്രകാരം 03/07/2018 മുതൽ 02/07/2019 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുള്ളതാണെന്നും, ടിയാൻ GIS, SLI എന്നിവയിൽ അംഗത്വമെടുക്കുകയും 22/11/2022 തീയതിയിൽ വകുപ്പുതല പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് തൃശ്ശൂർ ജില്ലയിലെ കാറളം

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ലെനിൻ വി.കെ — യുടെ പ്രൊബേഷൻ 23.11.2022 തീയതിയിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 — ലെ വ്യവസ്ഥകൾക്ക് വിധേയമായി 03.07.2019 മുതൽ 24.11.2022-വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തൃശ്ശൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി, കാറളം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ.ലെനിൻ വി. കെ, ക്ലർക്ക്, കാറളം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

7.ഡയറക്ടർ. ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.76/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 02-06-2025 10:37:39